# POLICE COMMISSIONERATE KOCHI

## പത്രക്കുറിപ്പ് 28.10.2021

## ഫുഡ് കോർട്ടിൻെറ മറവിൽ അക്രമണം പ്രതികൾക്കായി പോലീസ് തിരച്ചിൽ ഊർജ്ജിതമാക്കി.

ഇൻഫോപാർക്ക് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള നിലംപതിഞ്ഞിമുകൾ ഭാഗത്തുള്ള ചിൽസേ ഫുഡ്സ് സ്പോട്ട് എന്ന ഫുഡ് കോർട്ടിൽ കട നടത്തുന്ന നകുൽ എന്നയാളുടെ കടയ്ക്ക് സമീപം ബോംബേ ചാർട്ട് ബേൽപ്പൂരി എന്നിവ വിൽക്കുന്ന പാനിപ്പൂരി സ്റ്റാൾ, തുഷാര എന്ന സ്ത്രീയും, ഭർത്താവ് അജിത്തും മറ്റ് രണ്ട് പേരും കൂടി പൊളിച്ച് മാറ്റുന്ന സമയത്ത് ആയത് ചോദ്യം ചെയ്ത കടയുടമ നകുലിനെയും ടിയാൻെറ സുഹൃത്ത് ബിനോജ് ജോർജ്ജിനെയും ആക്രമിച്ച് ആയതിൽ പരിക്ക് പറ്റിയതിൽ ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. തുടർന്ന് കേസ്സിലെ പ്രതിയായ തുഷാരയെ നകുലും, നകുലിൻെറ സുഹൃത്തും കൂടി ആക്രമിച്ചുവെന്നും അസഭ്യം പറഞ്ഞുവെന്നും സ്ത്രീത്വത്തെ അപമാനിച്ചുവെന്നും മറ്റും പറഞ്ഞ് കേസ്സ് കൊടുത്തിട്ടുള്ളതാണ്. കേസ്സന്വേഷണത്തിൽ തുഷാര നന്ദു എന്ന സ്ത്രീയും, ഭർത്താവ് അജിത്തും കൂട്ടാളികളും ചേർന്ന് നടത്തിയ സംഘടിത ആക്രമണമാണ് ഇതെന്ന് വെളിവായിട്ടുള്ളതാണ്. തുഷാരയുടെ ഭർത്താവായി പറയുന്ന അജിത്ത് ചേരാനല്ലൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയതിട്ടുള്ള ഇംതിയാസ് കൊലപാതക കേസ്സിലുൾപ്പെടെ നിരവധി കേസ്സുകളിലെ പ്രതിയാണ്. കൂടാതെ കേസ്സിലെ കൂട്ടു പ്രതിയായ അപ്പു നിരവധി ക്രിമിനൽ കേസ്സിലെ പ്രതിയാണ്. പ്രസ്തുത ഫുഡ് കോർട്ടിൽ ഡൈൻ എന്ന റസ്റ്റോറൻറ് നടത്തുന്ന നകുൽ എന്നയാളുടെ ഷോപ്പിനു മുൻപിലുള്ള പാനിപ്പൂരി സ്റ്റാൾ പ്രതികളുടെ നേതൃത്വത്തിൽ നശിപ്പിച്ചതിനെ ചോദ്യം ചെയ്തതാണ് അക്രമ സംഭവങ്ങളിലേക്ക് നയിച്ചത്. അക്രമത്തിൽ ഗുരുതരമായി പരിക്കു പറ്റിയ ബിനോജ് ജോർജ്ജ് ശസ്ത്രക്രിയയെ തുടർന്ന് ഇപ്പോഴും ചികിൽസയിലാണ്. തുഷാര നന്ദു എന്ന

സ്ത്രീ തൻെറ കടയുടെ മുൻപിൽ നോൺ ഹലാൽ ബോർഡ് സ്ഥാപിച്ചതാണ് പ്രശ്നങ്ങൾക്ക് കാരണം എന്ന് നവ മാധ്യമങ്ങളിൽ ക്കൂടി പ്രചരിപ്പിച്ച് വരുന്നുണ്ട്. ഫുഡ് കോർട്ടിൻെറ ഉടമസ്ഥതയെയും നടത്തിപ്പിനെയും സംബന്ധിച്ച് പല സിവിൽ കേസ്സുകളും നിലവിലുള്ളതാണ്. അങ്ങനെയിരിക്കെ തുഷാര നന്ദു എന്ന സ്ത്രീയ്ക്ക് ഫുഡ് കോർട്ടിലെ കടയ്ക്ക് ഉടമസ്ഥത ഉണ്ടെന്ന് അവകാശപ്പെട്ടാണ് ഫുഡ് കോർട്ടിൽ ഇത്തരം അക്രമ സംഭവങ്ങൾ കെട്ടിച്ചമച്ച് നടത്തിയിട്ടുള്ളത്. തുഷാരയ്ക്ക് അവകാശമുണ്ടെന്ന് പറയപ്പെടുന്ന കടയിൽ നാളിതുവരെ യാതൊരു കച്ചവട സ്ഥാപനങ്ങളും ആരംഭിച്ചിട്ടില്ലാത്തതാണ്. തുഷാരയ്ക്ക് മാധ്യമ ശ്രദ്ധ ലഭിക്കുന്നതിനും കേസ്സിൻെറ സുഗമമായ അന്വേഷണം തടസ്സപ്പെടുത്തുന്നതിനും വേണ്ടി മാത്രമായി ഉണ്ടാക്കിയ നുണക്കഥ മാത്രമാണ് ഇതെന്ന് ഇൻഫോപാർക്ക് പോലീസിൻെറ അന്വേഷണത്തിൽ മനസ്സിലായിട്ടുള്ളതാണ്. അക്രമത്തിന് ശേഷം പ്രതികളെല്ലാവരും ഒളിവിലാണ്. പോലീസ് പ്രതികൾക്ക് വേണ്ടി തിരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.